# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7467     14.07.2014-ലെ മറുപടിയ്ക്ക്

### കലാഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ലൂഡി ലൂയിസ് | ഡോ: എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളിൽ കലാഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്ന തിനായി ഓരോ ജില്ലകളിലും ഒരു ഗ്രാമപഞ്ചായത്തിൽ കലാഗ്രാമം രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പരമ്പരാഗത സംസ്ക്കാരത്തേയും അന്യമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത കലാരൂപങ്ങളേയും പരിപോഷിപ്പിക്കുക, നമ്മുടെ കലയും സംസ്കാരവും പൈതൃകവും സംരക്ഷിക്കുകയും, ഭാവിതലമുറയ്ക്കും സന്ദർശകർക്കുമായി അവ കാത്തുസൂക്ഷിക്കുകയും ചെയ്യുക എന്നിവയാണ് കലാഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ആരെല്ലാമാണ് ഇതു മായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) അയൽക്കൂട്ടം, ഗ്രാമസഭ, സ്കൂളുകൾ എന്നിവ വഴി പരിശീലനത്തിനായി കണ്ടെത്തുന്ന കുട്ടികളും, വിവിധകലാരൂപങ്ങൾക്ക് പരിശീലനം നൽകുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ബന്ധപ്പെട്ട വിഷയത്തിൽ പ്രാവീണ്യമുള്ളവരും, കലാ-സാംസ്കാരിക മേഖലകളിൽ പ്രാവീണ്യം തെളിയിച്ചവരുമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) | 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 131 പ്രകാരം കലാഗ്രാമം പദ്ധതിയ്ക്കായി 140 ലക്ഷം രൂപ പ്രഖ്യാപിക്കുകയും, പദ്ധതി ഡിമാന്റ് നം.35 പഞ്ചായത്ത്-2515-00-101-61 (NP) എന്ന ശീർഷകത്തിൽ 1000/-രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടത്തിപ്പിനായി 14 ജില്ലകളിൽ നിന്നായി 14 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ